പതിമൂന്നാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1852 — 05.12.2014- ൽ മറുപടിക്ക്

## പഞ്ചായത്തുകൾ വഴി വിതരണം ചെയ്യുന്ന ക്ഷേമ പെൻഷനുകളുടെ കുടിശ്ശിക

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ | ഡോ. എം.കെ. മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (എ) | പഞ്ചായത്തുകൾ വഴി വിതരണം ചെയ്യുന്ന ക്ഷേമ പെൻഷനുകൾ ഏതെല്ലാമാണെന്ന് അറിയിക്കുമോ; | (എ) & (ബി) | സാമൂഹ്യനീതി വകുപ്പ് പഞ്ചായത്തുകൾ വഴി വിതരണം ചെയ്യുന്ന ക്ഷേമപെൻഷനുകളാണ് വികലാംഗ പെൻഷൻ, അഗതി (വിധവ) പെൻഷൻ, ദേശീയ വാർദ്ധക്യകാല പെൻഷൻ, 50 വയസ്സിനുമുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ എന്നിവ. ഈ പെൻഷനുകൾ ലഭിയ്ക്കുന്നതിനുള്ള കുടുംബവാർഷിക വരുമാന പരിധി 1 ലക്ഷം രൂപയാണ്.<br>മറ്റു മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു. |
| (ബി) | പ്രസ്തുത പെൻഷനുകൾ ഓരോന്നും ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | | |

| | |
|---|---|
| ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 1. അറുപത് വയസ്സ് പൂർത്തിയായിരിക്കണം<br>2. കേരള സംസ്ഥാനത്ത് 3 വർഷം സ്ഥിരതാമസം |
| വികലാംഗപെൻഷൻ | 1. അസ്ഥിവൈകല്യം ചുരുങ്ങിയത് 40%<br>2. അന്ധത: കാഴ്ചശക്തി കൂടുതലുള്ള കണ്ണിൽ 6/60 അഥവാ 20/200 സ്നെല്ലനിൽ അധികരിക്കാത്തത്.<br>3. ബധിരത- കേൾവി ശേഷി |

<table>
<tr><td></td><td></td><td></td><td><table>
<tr><td></td><td>90 ഡെസിബെല്ലിൽ കുറഞ്ഞത്<br>4. മാനസിക വൈകല്യം - ഐ.ക്യൂ 50 ൽ താഴെ</td></tr>
<tr><td>അഗതി (വിധവ) പെൻഷൻ</td><td>വിവാഹബന്ധം വേർപെടുത്തുന്നതിലൂടെയോ മരണം മൂലമോ ഭർത്താവിനാൽ ഉപേക്ഷിക്കപ്പെടുകയോ ചെയ്യുന്നതിലൂടെ ഭർത്താവ് നഷ്ടപ്പെട്ടുകയും പുനർവിവാഹം ചെയ്തിട്ടില്ലാത്തവർക്കും ഈ പെൻഷന് അർഹതയുണ്ട്.</td></tr>
<tr><td>50 വയസ്സിനുമുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ</td><td>1. 50 വയസ്സ് പൂർത്തിയായിരിക്കണം<br>2. കേരള സംസ്ഥാനത്ത് സ്ഥിര താമസക്കാരിയായിരിക്കണം.</td></tr>
</table></td></tr>
<tr><td>(സി)</td><td>സംസ്ഥാനത്താകെ ഇത്തരം ക്ഷേമപെൻഷനുകൾ എത്ര പേർക്ക് ലഭിക്കുന്നുവെന്ന ഇനം തിരിച്ചുള്ള കണക്ക് നല്കുമോ;</td><td>(സി)</td><td>സാമൂഹ്യക്ഷേമപെൻഷൻ ഗുണഭോക്താക്കളുടെ നിലവിലെ എണ്ണം ചുവടെ ചേർക്കുന്നു.<br>ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ - 725411<br>• 80 വയസ്സിനുമുകളിൽ പ്രായമുള്ളവർ - 102777<br>അഗതി (വിധവ) പെൻഷൻ - 1009217<br>വികലാംഗപെൻഷൻ - 286820<br>• 80%ഉം അതിനുമുകളിൽ അംഗവൈകല്യമുള്ളവർ - 38701<br>50 വയസ്സിനുമുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ - 67518</td></tr>
<tr><td>(ഡി)</td><td>പ്രസ്തുത ഇനത്തിൽ പ്രതിവർഷം ചെലവാകുന്ന തുക എത്രയാണെന്ന് അറിയിക്കുമോ;</td><td>(ഡി)</td><td>ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ - 70380.98 ലക്ഷം<br><br>അഗതി (വിധവ) പെൻഷൻ - 101729.08 ലക്ഷം</td></tr>
</table>

| | | | |
|---|---|---|---|
| | | | വികലാംഗപെൻഷൻ - 34275.44 ലക്ഷം<br>50 വയസ്സിനുമുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ - 6805.83 ലക്ഷം |
| (ഇ) | ക്ഷേമപെൻഷനുകൾ നല്കുന്നതിൽ കുടിശ്ശികയുണ്ടോ; എങ്കിൽ ഏതു മാസം വരെയാണ് പെൻഷൻ കൊടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (ഇ) | ഉണ്ട്. 2014 ആഗസ്റ്റ് മാസം വരെ പെൻഷൻ വിതരണം നടത്തിയിട്ടുണ്ട്. |
| (എഫ്) | പെൻഷൻ കുടിശ്ശിക അടിയന്തിരമായി കൊടുത്തു തീർക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (എഫ്) | ഉപധനാഭ്യർത്ഥനയിലൂടെ ഫണ്ട് ലഭ്യമാക്കി പെൻഷൻ വിതരണം നടത്തുന്നതാണ്. |

**സെക്ഷൻ ഓഫീസർ**